VERSION - B

1. 'തല വലിക്കുക' എന്ന ശൈലി സൂചിപ്പിക്കുന്നത്?
   - തലയിൽ നിന്ന് വലിച്ചെടുക്കുക
   - അന്യന്റെ ധനം അപഹരിക്കുക
   - കുഴപ്പത്തിൽ ചെന്ന് ചാടുക
   - ചെന്നുപെട്ട കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടുക (1)

2. 'പ്രശോഭിച്ചു' എന്ന പദത്തിൽ 'പ്ര' എന്ന ഉപസർഗം നൽകുന്ന അർത്ഥം?
   - ആകെക്കൂടി
   - ഭംഗിയോടെ
   - നല്ലപോലെ
   - ക്രമമായി (1)

3. 'രണ്ടല്ല ഒന്നാണ് എന്ന അവസ്ഥ' ഈ അർത്ഥം വരുന്ന പദം
   - അധ്യാത്മികം
   - അന്തശ്ശക്തി
   - അദ്വൈതം
   - അപരിത്യാജ്യം (1)

4. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണ സന്ദേശം ഒരു വിശിഷ്ടാശയമാണ് എന്നതിന് ലേഖകൻ മുന്നോട്ടുവെയ്ക്കുന്ന യുക്തികൾ എന്തെല്ലാം? ($1\frac{1}{2}$)

5. 'തന്റെ യോഗശക്തിയെയും ജ്ഞാനശക്തിയെയും അദ്ദേഹം അധ്യാത്മിക മണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകികതലത്തിലേക്കും പ്രസരിപ്പിച്ചു.' ശ്രീനാരായണഗുരുവിന്റെ കർമ്മമണ്ഡലത്തെ ഈ വാക്യം എങ്ങനെയെല്ലാം സൂചിപ്പിക്കുന്നുണ്ട്? ലഘുവിശദീകരണം നൽകുക. ($1\frac{1}{2}$)

6. 'അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ടു വളരുന്ന മത്തായിയും' കഥാഗതിയെകുറിച്ച് എന്തെല്ലാം വസ്തുതകളാണ് ഈ വാക്യത്തിൽ നിന്ന് ലഭിക്കുന്നത്? വിശദീകരിക്കുക. (3)

7. നീ ഇതു മേടിച്ചു തിന്നില്ലെങ്കിൽ ഞാനാ പേര വെട്ടിക്കളയും'
   "വെട്ടിക്കള' നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലെ ഞാനും തിന്നു കൊള്ളൂ. അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ടു പുഞ്ചിരിയോടെ ഒന്ന് അവന് നീട്ടി: "ഒന്ന് ചാക്കോച്ചൻ തിന്ന്" സംഭാഷണം വിശകലനം ചെയ്ത് കുട്ടികളുടെ മനോഭാവത്തെകുറിച്ച് കുറിപ്പ് തയ്യാറാക്കുക. (3)

8. ഗ്രാമജീവിതത്തിന്റെ നിത്യനിർമലമായ വെളിച്ചം തിരിച്ചറിയാനും നാട്ടുപച്ചകളുടെ മങ്ങിത്തുടങ്ങിയ ദീപനാളങ്ങൾ തെളിച്ചുണർത്താനും കോഴിയും കിഴവിയും എന്ന കഥ സഹായകമാകുന്നുണ്ട്. പ്രസ്താവനയെ അടിസ്ഥാനമാക്കി സ്വാഭിപ്രായം സമർത്ഥിക്കുക. (3)

9. "ഗുരുവിന്റെ പ്രവർത്തനങ്ങൾക്കു ബഹുമുഖത്വമുണ്ട്. അവ മതത്തിന്റെ മണ്ഡലത്തിൽ മാത്രം ഒതുങ്ങുന്നില്ല. മനുഷ്യന്റെ സമഗ്രമായ വികാസം, വ്യക്തിത്വത്തിന്റെ പരിപൂർണമായ സംക്ഷാത്കാരം അതായിരുന്നു ഗുരുവിന്റെ ലക്ഷ്യം." ശ്രീനാരായണഗുരു എന്ന ലേഖനത്തെ അടിസ്ഥാനമാക്കി പ്രസ്താവന വിലയിരുത്തുക. (5)